16868
12/5/16

കേരള സർക്കാർ

നം.3751/എ 2/2015/ജവിവ

ജല വിഭവ (എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 09.05.2016

അഡീഷണൽ ചീഫ് സക്രട്ടറി

ചീഫ് എഞ്ചിനീയർ(ഐ&എ)
തിരുവനന്തപുരം

സർ,

വിഷയം :- ജലവിഭവ വകുപ്പ് - ജീവനക്കാര്യം -വർക്കർ ഗ്രേഡ് II – ജീവനക്കാരുടെ ശമ്പളം - അപാകതകൾ - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 12.02.15-ലെ സി4-39270/14 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നതോടൊപ്പം ചുവടെ ചേർക്കും പ്രകാരം അറിയിയ്ക്കുന്നു:-

എസ്.എൽ.ആർ ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ച കൊണ്ടുള്ള 27.10.2012-ലെ ജി.ഒ(എം.എസ്)നം.80/2012/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം എസ്.എൽ.ആർ വിഭാഗത്തിൽ skilled workers ന് 8500-13210 എന്ന ശമ്പള സ്കെയിലും unskilled workers-ന് 8270-12220 എന്ന ശമ്പള സ്കെയിലും ആണ് അനുവദിച്ചിരിക്കുന്നത്. 09/06/2014-ലെ ഉത്തരവ് പ്രകാരം എസ്.എൽ.ആർ വിഭാഗത്തിലെ skilled, unskilled എന്നീ വേർതിരിവില്ലാതെ എല്ലാവരേയും സർക്കാർ സർവ്വീസിൽ unskilled worker ഗ്രേഡ് II തസ്തികയിലേക്ക് 4510-6230(Pre revised) എന്ന ശമ്പള സ്കെയിൽ അനുവദിച്ച് 01.01.11 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയതായാണ് കാണുന്നത്. മുൻപ് എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ ഉത്തരവുകളിലേയും അപ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് സേവന, വേതന പെൻഷൻ വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ച മറ്റെല്ലാ ഉത്തരവുകളിലേയും വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ടാണ് 09/06/2014-ലെ ഉത്തരവ് പ്രകാരം എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്. മുൻപ് പൊതുമരാമത്ത് വകുപ്പിൽ സ്ഥിരപ്പെടുത്തപ്പെട്ട എസ്.എൽ.ആർ ജീവനക്കാർക്ക് 08.03.1989 ലെ

G.O(Rt)No.427/1989/PW&T ഉത്തരവ് പ്രകാരം ശമ്പള സംരക്ഷണം അനുവദിച്ചിട്ടുള്ളതിനാൽ 09.06.2014 ലെ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാർക്കും ശമ്പള സംരക്ഷണം അനുവദിക്കാവുന്നതാണ്. 01.07.09 മുതൽ പ്രാബല്യത്തിൽ എസ്.എൽ.ആർ വിഭാഗത്തിലെ skilled workers ന്റെയും സർക്കാർ സർവ്വീസിലെ unskilled worker ഗ്രേഡ് II തസ്തികയുടെയും ശമ്പള സ്കെയിൽ 8500-13210 ആണ്. SLR ജീവനക്കാർക്ക് 01.07.09 പ്രാബല്യത്തിൽ ശമ്പള സംരക്ഷണം അനുവദിച്ചിരിക്കുന്നതിനാൽ 01.01.11-ൽ 8500 രൂപയിൽ കുറവ് ശമ്പളം വാങ്ങുന്ന SLR ജീവനക്കാരിലെ unskilled workers അധികം ആരും ഉണ്ടാകാൻ സാദ്ധ്യതയില്ല. പ്രസ്തുത സാഹചര്യങ്ങളിൽ 09.06.2014-ലെ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് 8500-13210 എന്ന സ്കെയിലിൽ ശമ്പള സംരക്ഷണം അനുവദിക്കാവുന്നതാണെന്നും അപ്രകാരം ശമ്പള സംരക്ഷണം അനുവദിക്കുമ്പോൾ 01.01.11-ൽ അവർ വാങ്ങിക്കൊണ്ടിരുന്ന പേ 8500-13210 എന്ന സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ ടി സ്റ്റേജിലും സ്റ്റേജല്ലെങ്കിൽ തൊട്ടു താഴെയുള്ള സ്റ്റേജിലും ശമ്പളം ഫിക്സ് ചെയ്യേണ്ടതാണെന്നും ബാക്കി വരുന്ന തുക തുടർന്നു വരുന്ന ഇൻക്രിമെന്റുകളിൽ ലയിക്കുന്നതാണെന്ന വ്യവസ്ഥയിൽ പേഴ്സണൽ പേ ആയി അനുവദിച്ച് നൽകേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ
**എസ്.ആർ.സന്തോഷ് കുമാർ**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ